ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽനിന്നും സംഭരിച്ച മുഴുവൻ നെല്ലിന്റെ വിലയും ഇതിനോടകം നൽകിക്കഴിഞ്ഞു.

(ബി) ബാധകമല്ല.

(സി&ഡി) പലിശ നൽകുന്നകാര്യം തീരുമാനിച്ചിട്ടില്ല

**റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്കുകൾ വഴിയാക്കാൻ നടപടി**

231 (7202) ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്കുകൾ വഴിയാക്കാൻ പദ്ധതിയുണ്ടായെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തുള്ള ഭൂരിപക്ഷം കാർഡുടമകൾക്കും സബ്സിഡി പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതിയുണ്ടാകുമെന്ന കാര്യം അറിവുള്ളതാണോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എ.പി.എൽ.(എസ്എസ്) വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് നൽകുന്ന അരിയുടെ സബ്സിഡി, അരിയുടെ വില കുറച്ചുനൽകുന്നതിനു പകരം അവരവരുടെ ബാങ്ക് അക്കൗണ്ടുകൾവഴി നേരിട്ട് നൽകുവാനുള്ള സംവിധാനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സിവിൽസപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 17-11-2012-ലെ സ.ഉ.(കൈ)നമ്പർ 32/12/ഭ.പൊ.വി.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ മണ്ണെണ്ണയുടെ സബ്സിഡി നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന പദ്ധതിയും (DTCK 2012) വിഭാവനം ചെയ്തിരുന്നു. രണ്ട് പദ്ധതികളും നാളിതുവരെ ആരംഭിച്ചിട്ടില്ല. വ്യാപാരികളും ഇതര സംഘടനകളുമായി ചർച്ച ചെയ്തേ ഈ തീരുമാനം നടപ്പിലാക്കൂ.

(ബി) ഒരു കാർഡുടമയ്ക്കും സബ്സിഡിയുടെ പ്രയോജനം നഷ്ടമാകുന്ന അവസ്ഥയുണ്ടാവില്ല. സബ്സിഡി യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നു എന്നുറപ്പ് വരുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly